# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# 2025–2026



## ഗവഃ എച്ച്.എസ്. എസ്. കോക്കല്ലൂര്

# ഗവ എച്ച്എസ്എസ് കോക്കല്ലൂർ

നൂറ്റിയഞ്ച് വർഷങ്ങളുടെ മഹിതപാരമ്പര്യവുമായി കെയിലാണ്ടി താമരശ്ശേരി സ്റ്റേറ്റ് ഹൈവേയിൽ ബാലുശ്ശേരി ബസാറിൽ നിന്ന് 4 കിലോമീറ്റർ പടിഞ്ഞാറ് കോക്കല്ലൂരിൽ 3 എക്കർ സ്ഥലത്ത് തലയുയർത്തി നിൽക്കുന്നു ഗവഃ ഹയർസെക്കന്ററി സ്കൂൾ കോക്കല്ലൂർ.

പഴയ കുറുമ്പനാട് താലൂക്കിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമായിരുന്ന ഒരു കാലഘട്ടം- കോക്കല്ലൂർ തെയ്യത്താംകണ്ടി പറമ്പിൽ നടത്തപ്പെട്ടിരുന്ന കുടിപ്പള്ളിക്കൂടം മാത്രമായിരുന്നു വിജ്ഞാനദാഹികൾക്ക് ആശ്രയമാ,യിരുന്നത്. അക്കാലത്ത് ഉണ്ടായ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ ഭാഗമായി പലയിടങ്ങളിലും ഔപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ ഉടലെടുത്തു.അങ്ങനെ 1911ൽ(കെല്ലവർഷം 1087) ഒരു പീടികമുറിയിൽ ഏകാധ്യാപക വിദ്യാലയമായി ഈ സ്ഥാപനം ഉദയം ചെയ്തു. കൊയിലാണ്ടി കൊല്ലം സ്വദേശി അത്താഴകണ്ടി മാധവൻ നായരായിരുന്നു അന്നത്തെ അധ്യാപകൻ. പിന്നീട് കൊയിലാണ്ടി താലൂക്ക് ബോർഡിന്റെ കീഴിൽ ബോർഡ് ഹിന്ദു ഹയർ എലിമെന്ററി സ്കൂൾ എന്നു നാമകരണം ചെയ്യപ്പെട്ടു. സ്കൂൾ സ്ഥലവും കെട്ടിടവും ആദ്യകാലത്ത് ഇല്ലം കാര്യസ്ഥൻ കുഞ്ഞുണ്ണിനായരുടെ ഉടമസ്ഥതയിലായിരുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര്. കോക്കല്ലൂർ | : ഗവ ഹയർസെക്കൻഡറി സ്കൂൾ Ph:04962705536 |
| 2. | വിലാസം | : കോക്കല്ലൂർ, കോഴിക്കോട് |
| 3. | ഇമെയിൽ അഡ്രസ് | : ghsskokkalloor@gmail.com |
| 4. | സ്കൂൾ കോഡ് | : 47050 |
| 5. | വിദ്യാഭ്യാസ ഉപജില്ല | : ബാലുശ്ശേരി |
| 6. | വിദ്യാഭ്യാസ ജില്ല | : താമരശ്ശേരി |
| 7. | റവന്യൂ ജില്ല | : കോഴിക്കോട് |
| 8. | ബി ആർ സി | : ബാലുശ്ശേരി |
| 9. | നിയമസഭാ മണ്ഡലം | : ബാലുശ്ശേരി |
| 10. | ലോകസഭാ മണ്ഡലം | : കോഴിക്കോട് |
| 11. | താലൂക്ക് | : കൊയിലാണ്ടി |
| 12. | വില്ലേജ് | : ബാലുശ്ശേരി |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
# ജിഎച്ച്എസ്എസ് കോക്കല്ലൂർ
# ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ പൗരന്മാരെ വളർത്തുക
3. എല്ലാ കുട്ടികൾക്കും മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കുവാനും വായിക്കുവാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
4. വിദ്യാലയത്തെ പുകയില, മദ്യം, മയക്കുമരുന്ന് വിമുക്ത കാമ്പസാക്കി മാറ്റുക.
5. കുട്ടികളിൽ മൂല്യബോധം വളർത്തി സമൂഹത്തിനും കുടുംബത്തിനും യോജിച്ച പൗരന്മാരാക്കി മാറ്റുക.
6. മതേതരനും, ലിംഗസമത്വം ഭിന്നശേഷികാർക്കുള്ള പരിരക്ഷ, സാമൂഹിക സമത്വം എന്നിവയിലൂന്നൽ നൽകി കുട്ടികളെ പ്രാപ്തരാക്കുക.
7. എല്ലാ കുട്ടികൾക്കും നിർഭയമായി സ്കൂളിലെത്താനും അധ്യയനം നടത്താനുമുള്ള സാഹചര്യമൊരുക്കും.
8. മാനവികത ലക്ഷ്യമാക്കിയുള്ള ശാസ്ത്രപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
9. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
10. വിദ്യാഭ്യാസത്തിന്റെ സമസ്തമേഖലകളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
11. പ്ലസ്സ് കഴിയുന്ന എല്ലാ കുട്ടികൾക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗരേഖ നൽകുകയും അവരെ അതിനുപ്രാപ്തരാക്കുകയും ചെയ്യുക.
12. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി മുന്നോട്ട് വെക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർ ത്തനങ്ങൾ.
13. ഗുണമേന്മ വിദ്യാഭ്യാസം - പ്രചരണ പ്രവർത്തനങ്ങൾ
14. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.
15. മൂല്യനിർണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക/പരിഷ്കരിക്കുക.
16. സാങ്കേതികവിദ്യാസൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
17. ഭരണപരമായ പ്രവർത്തനങ്ങൾ.
18. ഗവേഷണ പ്രവർത്തനങ്ങൾ.
19. പരിശീലന പ്രവർത്തനങ്ങൾ / ക്ലസ്റ്ററുകൾ.
20. വിദ്യാലയ സമിതികൾ മറ്റു വകുപ്പുകൾ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹാകരണവും പിന്തുണയും.

## UP സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ നടത്തുന്നു.<br>ഓർമ്മച്ചെപ്പ്<br>ഇന്ത്യ സംസ്ഥാനം, ജില്ല എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ചോദ്യോത്തരങ്ങൾ ക്ലാസിൽ നടത്തുന്നു. | അക്കാദമിക വർഷാരംഭം<br>അക്കാദമിക വർഷാരംഭം | |
| 2. | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും, ICT (സാധ്യതകളും ഉൾപ്പെടുത്തി) സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | |
| 3. | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തുന്നു. | അക്കാദമിക വർഷം | |
| 4. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷം | |

## UP അടിസ്ഥാനശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഫീൽഡ് ട്രിപ്പ്: പ്രദേശത്തെ ഫാമുകൾ സന്ദർശിച്ച് നൂതനകൃഷി രീതികൾ പരിചയപ്പെടുക. വയലുകൾ, കാവുകൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്രയിലൂടെ ആവാസവ്യവസ്ഥ പരിചയപ്പെടൽ<br><br>പരീക്ഷണക്കളരി- നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണങ്ങൾ നടത്തുന്നു, പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ<br><br>ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | |
| 2. | ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്രോത്സവം - കുട്ടികൾ നിർമിച്ച ഉപകരണങ്ങൾ, പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം അവസാനം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | |
| 3. | ശാസ്ത്രക്ലാസുകളിൽ ആർജിച്ച അറിവുകൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുക, തൊഴിൽ നൈപുണി നേടുക. | സോപ്പ് നിർമ്മാണം:- സോപ്പ് കിറ്റ് ഉപയോഗിച്ച് സോപ്പ് നിർമിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നു. | ആഗസ്ത് | ശാസ്ത്ര അദ്ധ്യാപകർ | |
| 4. | നല്ല ആഹാരശീലം ജീവിതത്തിൽ പാലിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. | ഹെൽത്തി ഫുഡ്ഫെസ്റ്റ്, കുട്ടികൾ വീട്ടിൽ നിന്ന് ഉണ്ടാക്കിയ ആരോഗ്യപ്രദമായ ആഹാരങ്ങൾ ഉപയോഗിച്ച് ശുചിത്വ നടപടികൾ പാലിച്ച് ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. | ജനുവരി | ശാസ്ത്ര അധ്യാപകർ | |

## UP ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മുത്തുകൾ, മഞ്ചാടി.... എന്നിവ ഉപയോഗിക്കുന്നു. | 3 ജൂൺ, ജൂലൈ, ആഗസ്ത് | ഗണിത അദ്ധ്യാപകർ | |
| 2. | ഗണിത പഠനത്തിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | ഗണിത ശിൽപശാല | ഒരുപ്രാവശ്യം | ഗണിതക്ലബ് | |
| 3. | ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ടാൻഗ്രാം... എന്നിവ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| | പ്രോഗ്രാം | ആക്ടിവിറ്റി | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | യു.പി.തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം | ജൂൺ മുതൽ ആഗസ്ത് | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SLERT<br>(ആവശ്യമെങ്കിൽ)<br>Resource Teacher |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുകളുടെ പേര് ഹിന്ദിയിൽ പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്തംബർ മുതൽ ഒക്ടോബർ | ഹിന്ദി നിഘണ്ടു | PTA<br>BRC<br>Resource Teacher |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനം സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി) | • ദിനാചരണങ്ങൾ പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

## UP മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ, കഥ, കവിത, യാത്രാനുഭവങ്ങൾ, അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു.<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്കുകളുടെയും നിർമ്മാണം. | ജൂൺ<br><br><br><br><br><br><br><br><br><br>ജൂൺ | മലയാളം അധ്യാപകർ | |
| 2. | പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | പത്രം, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെകൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | എല്ലാ ദിവസവും<br><br><br><br><br><br><br><br>പ്രതിമാസം | | |

| | | | | | |
|---|---|---|---|---|---|
| 3. | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | ഇ-കമ്പ്യൂട്ടറിംഗ് മുഴുവൻ കുട്ടികളേയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | | |
| | | മുഴുവൻ പഠിതാക്കളുടെയും സർഗാത്മ രചനകൾ ഉൾകൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | | |
| | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ദരായ നാടക കലാകാരൻമാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | | | |

## UP ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br>Follow Me If you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br>Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു.<br>Missing Man അധ്യാപികയും, വിദ്യാർത്ഥിയപം തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു.<br>Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് | ജൂലൈ<br>ജൂൺ<br>നവംബർ<br>ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു.<br><br>Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.<br><br>One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ആഗസ്ത്<br><br>വർഷത്തിൽ ഒരു തവണ<br><br>ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |
| 2. | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too can! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക് | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | | F.M. Corner വ്യത്യസ്തമായ കഥകൾ Readers Theatre റേഡിയോ, ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ | |
| | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങൾ | ഇംഗ്ലീഷ് അധ്യാപകൻ | |
| | | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | | Fun Time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ ഭാരവാഹികൾ, രക്ഷിതാക്കൾ | |
| | | അഞ്ചാംക്ലാസിനായി കഥ പറയൽ, കഥയെഴുത്ത് , ആറിന് Role Play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ഫിലിം ഷോ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – മാതൃഭാഷ

**മേഖല – അക്കാദമികം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1. | എഴുത്തും വായനയും അറിയാത്ത കുട്ടികൾക്ക് പരിഹാര ബോധനം | • ഭാഷാകേളികളിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>• ചിത്രം നൽകി കഥ പറയൽ, എഴുതൽ<br>• അക്ഷരമരം നിർമ്മാണം | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | ഭാഷാധ്യാപകർ | എസ്.ആർ.ജി<br>പി.ടി.എ<br>എസ്സ്.എസ്സ്.എ<br>ഡയറ്റ് |
| 2. | വായന വളർത്തുന്നതിനും സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും (വായനക്കൂട്ടം) | • വായനക്കൂട്ടം രൂപീകരണം<br>• ക്ലാസ് ലൈബ്രറി<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• ചുമർപത്രിക ഒരുക്കൽ<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• വായനക്കുറിപ്പ് – പതിപ്പ്<br>• സാഹിത്യശാഖകൾ, എഴുത്തുകാർ എന്നിവരെ പരിചയപ്പെടൽ | 2025 – 26<br>അധ്യയന വർഷം | ഭാഷാധ്യാപകർ<br>ലൈബ്രേറിയൻ,<br>വിദ്യാരംഗം കലാ സാഹിത്യവേദി | എസ്.ആർ.ജി<br>പി.ടി.എ |
| 3. | സ്കൂൾ ലൈബ്രറി ശാക്തീകരണം | • ക്ലാസ് ലൈബ്രറി രൂപീകരണം<br>• സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>• വായനാമുറി സൗകര്യമൊരുക്കൽ | ആറുമാസം | ഭാഷാധ്യാപകർ<br>ലൈബ്രേറിയൻ<br>വിദ്യാരംഗം | എസ്.ആർ.ജി<br>പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 4. | ഡിജിറ്റൽ മാഗസിൻ, കയ്യെഴുത്തു മാസിക പ്രകാശനം, വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുന്നതിന് | • കയ്യെഴുത്തുമാസിക<br>• ഡിജിറ്റൽ മാഗസിൻ<br>• ചുമർ പത്രങ്ങൾ<br>• പത്രക്വിസ് (പ്രതിദിനം ഒരു ചോദ്യം) | ആറുമാസം | ഭാഷാധ്യാപകർ ആർട് അധ്യാപകർ | പി.ടി.എ |
| 5. | ഐ.സി.റ്റി. സാധ്യതകൾ ആശയവിനിമയത്തിന് | • പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ, വീഡിയോ ക്ലാസുകൾ എന്നിവ ശേഖരിച്ചതും നിർമ്മിച്ച് എഡിറ്റ് ചെയ്തവയും, സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയോഗിക്കൽ. | 2025 ജൂൺ മുതൽ ഡിസംബർ വരെ | ഭാഷാധ്യാപകർ എസ്.ഐ.റ്റി.സി | എസ്.ആർ.ജി. കൈറ്റ് |
| 6. | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വാചികവും, ലിഖിതവും സർഗാത്മകവുമായ ആശയ പ്രകടനത്തിനും, കലാപ്രകടനത്തിനും അവസരമൊരുക്കുന്നതിന് | • ഭിന്നശേഷി സൗഹൃദവിദ്യാലയ സങ്കല്പത്തിന് അനുയോജ്യമായ വിധം പഠന പ്രവർത്തനങ്ങൾ | വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനം | മലയാളം അധ്യാപകർ റിസോഴ്സ് അധ്യാപകർ | പി.ടി.എ |

## മേഖല – ഹൈസ്ക്കൂൾ – സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം, നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2 | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വർത്തുക | സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൾ കുട്ടികൾ, സുമനസ്സുകൾ |
| 3 | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്രലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ, പ്രൊജക്ട്, ചർച്ച കൾ, സംവാദം, ക്ലാസു കൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തന ങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാ പകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5. | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നട ത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠ ഇക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാ ഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാ പകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6 | കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, സിനിമ (ചരിത്ര സനിമിപ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7 | വ്യത്യസ്ത ഇനം മണ്ണിനങ്ങളെ കുറിച്ചും, ജലാശയങ്ങളെ കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | വിവിധ മേഖലകളെകുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം മനോഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# Academic Master Plan

## High School – English

| AIM | | Activities | Duration | Responsibility | |
|---|---|---|---|---|---|
| 1 | Increase confidence level in English language communication | • English reading corner.<br>• Classroom English Assembly.<br>• English Cartoon Presentation. | • One in a week<br>• Monthly<br>• Academic Year | Teacher<br>Parents. | |
| 2 | Convey ideas and opinions in English | • Documentary presentations<br>• Interviews of great personalities. | Academic Year | English Teachers | |
| 3 | Preparations to make confident in self-writing poem recitation and poem versifications. | • Different audios and speeches of great personalities.<br>• Competitions<br>• Book reviews.<br>• Critical Writing | Academic Year<br>Classroom Activities. | English Teachers<br>SRG | |

| AIM | | Activities | Duration | Responsibility | |
|---|---|---|---|---|---|
| 4 | Drama presentations | • Classroom Presentations of skit, Roleplay, Puppet show etc. | • Classroom Activities | Teacher | |
| 5 | Hand writing Improvement programme | • Hand writing improvement activities in the classroom<br>• Competitions for selected students. | • Academic Year | English Teachers.<br>SRG. | |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025 – Biology

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | കാർഷീകം (നട്ടുനനയ്ക്കാം) | പൂന്തോട്ട നിർമ്മാണം ഫീൽഡ് ട്രിപ്പ് | മാർച്ച് വരെ | കുട്ടികൾ | പി.ടി.എ | കുട്ടികൾക്ക് കൃഷി യോടുള്ള ആഭി മുഖ്യം വളർത്തുക. |
| 2 | പരിണാമം (ജീവന്റെ ഉത്ഭ വം) | ഡോക്യുമെന്ററി നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, കുട്ടികൾ | അധ്യാപകർ പി.ടി.എ | ജീവൻ ഉത്ഭവിച്ച തിനെക്കുറിച്ചും, സംരക്ഷിക്കേണ്ട തിന്റെ പ്രാധാന്യ ത്തെക്കുറിച്ചും മന സ്സിലാക്കാൻ. |
| 3 | ബാല്യത്തിനും യുവത്വത്തിനും ഒപ്പം | 8, 9, 10 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും കൗമാരവിദ്യാ ഭ്യാസത്തെക്കുറിച്ച് ക്ലാസ്സ്. | ജൂൺ മുതൽ സപ്തംബർ വരെ | എച്ച്.എം., പി.ടി. എ, കൗൺസി ലർ, ടീച്ചേർസ് | പി ടി എ | കൗമാരക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ പഠി ക്കാനും ഒഴിവാക്കാ നും, അവരുടെ മാനസീക പിരിമു റുക്കും. കുറയ്ക്കു വാനും – |

| മേഖല | | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | ശാസ്ത്രമേള | സ്കൂളിലെ ശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളെ ശാസ്ത്രമേളയ്ക്ക് ഒരുക്കുന്നു. കുട്ടികളിൽ നിന്നും ആശയങ്ങൾ സ്വീകരിച്ച് YIP ക്ക് വേണ്ടി തയ്യാറാക്കുകയും റജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. | ജൂൺ മുതൽ ആഗസ്ത് വരെ | സയൻസ് ക്ലബ്ബ് അധ്യാപകർ | പിടിഎ SDF | ശാസ്ത്രാഭിരുചി ഉള്ള കുട്ടികൾക്ക് ശാസ്ത്രപഠനത്തിന് സാഹചര്യം ലഭ്യമാക്കുക. |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025 – സയൻസ് (PS)

## HS വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര ലാബ് സജ്ജീകരണം | ഉപയോഗശൂന്യമായ ഉപകരണങ്ങൾക്ക് പകരം പുതിയത് വാങ്ങുക. സ്റ്റോക്ക് തീർന്ന കെമിക്കലുകൾ വാങ്ങുക. ഉപകരണങ്ങളും കെമിക്കൽസും വിഷയാടിസ്ഥാനത്തിൽ ക്രമീകരിക്കുക. | ജൂൺ | സയൻസ് ടീച്ചർസ് |
| ശാസ്ത്രകൗതുകം<br>ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ ചെയ്ത് പ്രദർശിപ്പിക്കുക. പഠനോപകരണങ്ങൾ, മോഡലുകൾ ഇവ നിർമ്മിച്ച് പ്രദർശിപ്പിക്കുക<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ പരീക്ഷണങ്ങൾ എന്നിവ ചെയ്യുക. | അക്കാദമിക വർഷം | സയൻസ് ടീച്ചർസ്, സയൻസ് ക്ലബ്ബ് |
| ശാസ്ത്ര വായന<br>മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | ശാസ്ത്രലൈബ്രറി സജ്ജീകരണം.<br>ശാസ്ത്രചുമർ പത്രിക പ്രസിദ്ധീകരണം.<br><br>മാഗസിൻ നിർമ്മിക്കുക. | ജൂൺ അക്കാദമിക വർഷം മാസത്തിൽ ഒരു തവണ<br><br>അക്കാദമിക വർഷം 1 തവണ | സയൻസ് ടീച്ചർസ്, സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആയുർരേഖ<br>പരിസ്ഥിതി സൗഹൃദമനോ ഭാവം വളർത്തുക | ആരോഗ്യരേഖ സൂക്ഷിക്കുക<br>ആരോഗ്യകരമായ ഭക്ഷണം, ആരോഗ്യ ശീല ങ്ങൾ ബോധവൽക്കരണ പരിപാടികൾ | അക്കാദമിക വർഷം | സയൻസ് ടീച്ചർസ്<br>ഹെൽത്ത് ക്ലബ്ബ് |
| വൈജ്ഞാനിക ബഹിർസ്ഫുരണം – അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | സെമിനാർ<br>പ്രൊജക്ട്<br>ക്വിസ് എന്നിവയിൽ പങ്കെടുക്കുന്നു.<br>ശില്പശാല, ശാസ്ത്രപ്രദർശനം പുതുപുത്തൻ കണ്ടെത്തലുകൾ പരിചയപ്പെടുന്നു. | 1 തവണ<br>1 തവണ<br>ദിനാചരണങ്ങ ളുടെ ഭാഗമായി ഒരു തവണ | സയൻസ് ടീച്ചർസ് |
| | ആധുനിക ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടു ന്നു.<br>ഫീൽഡ് ട്രിപ്പ്<br>ചുറ്റുപാടുകളെ പരിചയപ്പെടുന്നു | അക്കാദമിക വർഷം | ഇക്കോക്ലബ്ബ്<br>സയൻസ് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-2026 - HS ഗണിതം

| ഉപലക്ഷ്യങ്ങൾ | | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യവിശകലനം | പിന്തുണ |
|---|---|---|---|---|---|---|
| 1. | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | • പരിഹാരബോധനം<br>• ബ്രിഡ്ജ് | ദീർഘകാലം | നോട്ടുബുക്കുകൾ<br>ചാർട്ട്<br>മാർക്കർ<br>സ്കെച്ച് | പി.ടി.എ | എച്ച്.എം.<br>പി.ടി.എ<br>ഗണിത അധ്യാപകർ |
| 2 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | • ഗണിത ക്വിസ്, ജ്യോമെട്രിക് ചാർട്ട്.<br>• കുസൃതിക്കണക്കുകൾ ശേഖരണം<br>• ഗണിതശില്പശാല<br>• ഗണിതമാഗസിൻ<br>• ഗണിതപ്രദർശനം<br>• ഗണിതക്ലബ്ബ് പ്രവർത്തനം<br>• ഗണിതം പ്രകൃതിയിൽ - സെമിനാർ<br>• ഗണിതമേള<br>• ഗണിതവുമായി ബന്ധപ്പെട്ട ദിനങ്ങളുടെ ആചരണം | ഹ്രസ്വകാലം | ചാർട്ട് പേപ്പർ<br>ഫെവികോൾ<br>സെല്ലോടേപ്പ്<br>കത്രിക<br>കളർ പേപ്പർ<br>മാർക്കർ<br>സ്കെച്ച് | 4500 | ഗണിതശാസ്ത്ര വിദഗ്ധൻ |

| ഉപലക്ഷ്യങ്ങൾ | | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യവി ശകലനം | പിന്തുണ |
|---|---|---|---|---|---|---|
| 3 | ഐസിടി സാധ്യ തയിലൂടെയുള്ള ഗണിതപഠനം | • സമഗ്ര റിസോഴ്സ്<br>• ജിയോജിബ്ര സങ്കേത ങ്ങൾ ഉപയോഗിച്ച് ഗണി തപഠനം | | | | ഗണിത അധ്യാപ കർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഹിന്ദി

| പ്രശ്നങ്ങൾ | | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | നിർവ്വഹണ ചുമതല |
|---|---|---|---|---|---|
| 1. | സ്കൂളിൽ ഹിന്ദി ക്ലാസിൽ പൂർണ്ണമായ ഭാഷാന്തരീക്ഷം സജ്ജമാക്കുക. | • സ്മാർട്ട് ക്ലാസ്റൂം (ഓഡിയോ&വീഡിയോ)<br>• ടീച്ചർ, കുട്ടികൾ, ഇന്ററാക്ഷൻ പൂർണ്ണമായും ഭാഷാന്തരീക്ഷത്തിൽ സൃഷ്ടിക്കുക | ജൂൺ – മാർച്ച് | | |
| 2 | കുട്ടികളിൽ കാണുന്ന ഹിന്ദി ഭാഷാടിസ്ഥാന ശേഷിക്കുറവ് പരിഹരിക്കുക. | • ഹിന്ദി ദിനാചരണങ്ങൾ സംഘടിപ്പിക്കുക<br>• ഹിന്ദി വാർത്തവായന<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി ലാംഗ്വേജ് ലാബ് | ജൂൺ – മാർച്ച് | പിടിഎ | ഭാഷാധ്യാപകർ |
| 3 | ഹിന്ദി എഴുത്ത് മെച്ചപ്പെടുത്തുക | • ക്ലാസ്സിൽ കുഞ്ഞെഴുത്തുകൾ പ്രോത്സാഹിപ്പിക്കുക<br>• ദിനാചരണങ്ങളിൽ ഹിന്ദി ഭാഷയിൽ രചനാമത്സരങ്ങൾ സംഘടിപ്പിക്കുക.<br>• എല്ലാ ദിവസവും ക്ലാസ്സിൽ പുതിയ വാക്കുകൾ / വാക്യങ്ങൾ പരിചയപ്പെടുത്തുക<br>• ചിത്രങ്ങൾ നൽകി അതിനെക്കുറിച്ച് എഴുതിക്കുക<br>• പാഠാധിഷ്ഠിതമായിട്ടുള്ള അധികരചനാ പ്രവർത്തനങ്ങൾ നൽകുക | ജൂൺ – മാർച്ച് | എസ്ആർജി | ഭാഷാധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | • പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ബ്രിഡ്ജ് കോഴ്സ് നൽകുക. | | | |
| 4 | ഹിന്ദി വായന മെച്ചപ്പെടുത്തുക | • വായനാ മത്സരങ്ങൾ നടത്തുക<br>• വായന കോർണറുകൾ സ്ഥാപിക്കുക<br>• ലൈബ്രറി ഉപയോഗം | സെപ്റ്റംബർ | | |
| 5 | ഹിന്ദിയിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനും പ്രാപ്തരാക്കുക | • പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി സ്കിറ്റ് അവതരിപ്പിക്കുക<br>• ഹിന്ദി ശബ്ദശകലങ്ങൾ (Audio) (News) കേൾക്കാനുള്ള അവസരം ഒരുക്കുക.<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ വിപുലമാക്കുക<br>• സുരീലി - ഹിന്ദി പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | ജൂൺ-മാർച്ച് | പിടിഎ ഡയറ്റ് | ഭാഷാധ്യാപകൻ |
| 6 | ഹിന്ദി ഭാഷയോടുള്ള താൽപര്യക്കുറവ് പരിഹരിക്കുക | • ഹിന്ദി എക്സിബിഷൻ സംഘടിപ്പിക്കുക<br>• ഹിന്ദി സിനിമ/ഷോർട്ട് ഫിലിം പ്രദർശിപ്പിക്കുക<br>• സർഗാത്മക ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഒക്ടോബർ | എസ്ആർജി | ഭാഷാധ്യാപകർ |

2025 -26 അധ്യയനവർഷത്തിൽ സമഗ്ര ഗുണമേന്മ പദ്ധതിയും ലഹരിമുക്ത വിദ്യാലയവും  ലക്ഷ്യം വെച്ചുകൊണ്ടാണ് ജിഎച്ച്എസ്എസ് കോക്കല്ലൂരിലെ ഓരോ ക്ലബ്ബും അവരവരുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയത്

മെയ് മാസത്തിൽ തന്നെ സ്കൂൾ ജാഗ്രത സമിതിയുടെ മീറ്റിംഗ് പ്രിൻസിപ്പളിന്റെ നേതൃത്വത്തിൽ നടത്തി.പിടിഎ അംഗങ്ങൾ വ്യാപാരി വ്യവസായി അംഗങ്ങൾ വിവിധ രാഷ്ട്രീയ പ്രതിനിധികൾ എക്സൈസ് പോലീസ് എന്നീ വകുപ്പുകളിലെ പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

ജൂൺ

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി സർക്കാർ നിർദേശിച്ച മോഡ്യൂളുകൾ അനുസരിച്ച് ഓരോ ദിവസവും ക്ലാസുകൾ നടത്തി.

കായിക ക്ഷമത കുട്ടികളിൽ വളർത്താൻ സുംബ ഡാൻസ് കായിക അധ്യാപികയുടെ നേതൃത്വത്തിൽ നടന്നു

ലഹരിമുക്ത ജാഗ്രത സമിതിയുടെ ഗ്രൂപ്പുകൾ സ്കൂൾ തുറന്ന ആദ്യ ആഴ്ചയിൽ തന്നെ രൂപീകരിച്ചു. ജാഗ്രതാ ബ്രിഗേഡിയർ രൂപീകരണവും നടത്തി

യോഗ ദിനത്തിൽ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് കായിക അധ്യാപിക ക്ലാസ് നടത്തി

ലഹരി വിരുദ്ധ ദിനത്തിൽ ലഹരി ജാഗ്രത ആരോഗ്യ കായിക വിഭാഗവും ചേർന്ന് നിരവധി പരിപാടികൾ നടത്തി

*ലഹരി ഒരു സാമൂഹിക വിപത്ത് എന്ന വിഷയത്തിൽ ഉപന്യാസ മത്സരം

*ലഹരി വിരുദ്ധ റാലി

*പോസ്റ്റർ നിർമ്മാണവും പ്രദർശനവും

*ഫ്ലാഷ് മോബ്

* ടൂ മില്യൺ പ്ലഡ്ജ്

*കഥ.കവിത, ജലച്ചായ മത്സരം

എന്നിവ നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു

കൃഷിയാണ് ലഹരി എന്ന തിരിച്ചറിവോടെ സ്കൂൾ ഹരിതവൽക്കരണം സൗന്ദര്യവൽക്കരണം എന്നിവയ്ക്കായി പൂച്ചട്ടികൾ, പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു

സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചു ബാലുശ്ശേരി സബ് ഇൻസ്പെക്ടർ ശ്രീ സുജിലേഷ് ക്ലാസ് എടുത്തു

റാബിസ് വൈറസ് രോഗത്തിനെതിരെ പ്രതിജ്ഞ എടുക്കുകയും ബോധവൽക്കരണ ക്ലാസ് നടത്തുകയും ചെയ്തു

വെള്ളിയാഴ്ചകളിൽ സ്കൂൾ ഡ്രൈ ഡേ ആചരിക്കാൻ തീരുമാനിച്ചു

ജൂലൈ,

മഴക്കാല രോഗങ്ങൾക്കെതിരെ ബോധവൽക്കരണ ക്ലാസ് നടത്തി

ഷുഗർ ബോർഡ് സ്ഥാപിച്ചു

ആർത്തവകാല ശുചിത്വം, ലഹരിയുടെ ഉപയോഗവും ദൂഷ്യഫലങ്ങളും എന്നിവയെപ്പറ്റി ബോധവൽക്കരണ ക്ലാസ് കൗൺസിലറുടെ നേതൃത്വത്തിൽ നടന്നു

കളിയാണ് ലഹരി -ഫുട്ബോൾ വോളിബോൾ, ബാഡ്മിന്റൺ സെലക്ഷൻ നടത്തി

ഹരിതവത്കരണത്തിന്റെ ഭാഗമായി ഔഷധസസ്യങ്ങൾ കുട്ടികൾ ശേഖരിച്ച് സ്കൂളിലെത്തിച്ചു

ഓഗസ്റ്റ്

ഹരിതവൽക്കരണത്തിന്റെ ഭാഗമായി ഔഷധത്തോട്ട നിർമ്മാണത്തിന്റെയും അടുക്കളത്തോട്ട നിർമ്മാണത്തിന്റെയും പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു

ചിങ്ങം ഒന്നിന് ഔഷധത്തോട്ടഉദ്ഘാടനവുംകുട്ടിക്കർഷകനെ ആദരിക്കലും

ആരോഗ്യവും പോഷകാഹാരവും, മുലയൂട്ടലിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളിൽ ക്ലാസ്സ് സെമിനാർ

ആഗസ്റ്റ് 29 നാഷണൽ സ്പോർട്സ് ഡേയുമായി ബന്ധപ്പെടുത്തി മാരത്തോൺ

സെപ്റ്റംബർ

ജാഗ്രത ലഹരി ക്ലബ്ബുകൾ സംയുക്തമായി രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് കൗൺസിലറുടെ നേതൃത്വത്തിൽ

അത്‌ലറ്റിക് സെലക്ഷൻ
സ്പോർട്സ് ഡേ

ഓസോൺ ദിന കൊളാഷ് നിർമ്മാണം കാർട്ടൂൺ മത്സരം

ഒക്ടോബർ

മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് ക്ലബ്ബുകൾ സംയുക്തമായി കൗമാര ശാരീരിക മാനസിക പ്രശ്നങ്ങൾ അവബോധ ക്ലാസ് -കുട്ടികൾക്ക്

പകർച്ചവ്യാധി ക്ലാസ്, കൈകഴുകൽ ഘട്ടങ്ങൾ പരിശീലനം

നവംബർ

ജീവിതശൈലി രോഗങ്ങളും മറികടക്കാനുള്ള മാർഗങ്ങളും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്

ശുചീകരണ ലോഷൻ നിർമ്മാണം

അടുക്കളത്തോട്ട ഔഷധത്തോട്ട പരിചരണം
ചെസ്  മത്സരം കുട്ടികൾക്ക്

ഡിസംബർ

വേൾഡ് എയ്ഡ്സ് ഡേയുമായി ബന്ധപ്പെട്ട ക്വിസ് മത്സരവും ബോധവൽക്കരണ ക്ലാസും

സൈബർ സെക്യൂരിറ്റി ബോധവൽക്കരണം കുട്ടികൾക്ക്

ജനുവരി

ഏറോബിക്സ്

ഹെൽത്ത് ക്ലബ് മാഗസിൻ

ഔഷധത്തോട്ടത്തിലെ സസ്യങ്ങൾ ഉപയോഗിച്ച് ഹെർബെറിയം നിർമ്മാണവും പ്രദർശനവും